A2.

A2

# കൊയിലാണ്ടി നഗരസഭ

സെക്രട്ടറി,
നഗരസഭാ കാര്യാലയം,
കൊയിലാണ്ടി - 673 305

☎ ഓഫീസ്: 0496 - 2620244
0496 - 2620881
ഫാക്സ്: 0496 - 2620881

secretaryqldy@gmail.com

TP1-14953/22

Date: 08.11.23

സ്വീകർത്താവ്

ഇന്റേണൽ വിജിലൻസ് ഓഫീസർ & കൺവീനർ
(സ്ഥിരം അദാലത്ത് ഉപജില്ലാ സമിതി)
തദ്ദേശ സ്വയം ഭരണ വകുപ്പ്)

സർ,

വിഷയം :- കൊയിലാണ്ടി നഗരസഭ- ടൗൺപ്ലാനിംഗ് വിഭാഗം- അദാലത്തുമായി ബന്ധപ്പെട്ട ഫയൽ റിപ്പോർട്ട്- ഹാജരാക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1. അങ്ങയുടെ ഓഫീസിൽ നിന്നുള്ള 6/11/23 ലെ LSGI \V05/04/23 നമ്പർ കത്ത്
2. നഗരസഭാ ഓവർസിയറുടെ റിപ്പോർട്ട്

*** ***

ശ്രീ. ബാലകൃഷ്ണൻ. എ., കാർത്തിക(ഹൗസ്)നടേരി(പിഒ), കൊയിലാണ്ടി എന്നവർ റവന്യൂ മന്ത്രിക്കയച്ച പരാതിയിൽ 10.11.23 ന് 11 മണിക്ക് നടക്കുന്ന അദാലത്തിലേക്ക് റിപ്പോർട്ട് സഹിതം ഹാജരാകുന്നതിന് സൂചന പ്രകാരം ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ പരിശോധിച്ച് തയ്യാറാക്കിയ റിപ്പോർട്ട് ചുവടെ ചേർക്കുന്നു.

ശ്രീ. ബാലകൃഷ്ണൻ എന്നവർ Compound wall നിർമ്മാണത്തിന് അനുമതിക്കായി 1/12/2022 ന് ആണ് 30/- രൂപ അടവാക്കി നഗരസഭയിൽ അപേക്ഷ സമർപ്പിച്ചത്. ആയതിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധിച്ചതിൽ സൈറ്റിൽ Actual ആയ അളവുകളിൽ വ്യത്യാസം ഉള്ളതിനാൽ Correct ചെയ്യുന്നതിന്

നോട്ടീസ് നൽകിയതിൽ 16/12/2022 ന് ന്യൂനത പരിഗണിച്ച് പ്ലാൻ സമർപ്പിച്ചെങ്കിലും നിർമ്മാണം നടത്തിയ ചുറ്റുമതിലിന്റെ പ്ലാനിലെ അളവുകളും സൈറ്റിലെ അളവുകളും തമ്മിൽ വ്യത്യാസം കണ്ടതിനാലും ആവശ്യമായ Splay കൊടുക്കാത്തതിനാലും ടിയാന് വീണ്ടും 24/4/23 ന് നോട്ടീസ് അയച്ചിട്ടുണ്ട്. എന്നാൽ അപാകത പരിഗണിച്ച് ടിയാൻ പിന്നീട് പ്ലാൻ സമർപ്പിച്ചതായി കാണുന്നില്ല.

സൂചന പ്രകാരം അങ്ങയുടെ ഓഫീസിൽ നിന്നു ലഭിച്ച കത്തിന്റെ അടിസ്ഥാനത്തിൽ സൈറ്റ് പരിശോധിച്ചതിൽ Compound wall ന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. എന്നാൽ റൂൾ നം. 70(6) ൽ പറയുന്ന പ്രകാരം ആവശ്യമായ Splay നൽകിയിട്ടില്ല. റൂൾ 23(4) ലെ ടേബിൾ പ്രകാരം Splay നൽകാനാണ് മേൽ റൂളിൽ പറയുന്നത്. ആയത് പ്രകാരം 12m ൽ കുറവ് Width ഉള്ള റോഡിന് 3x3 Splay നൽകേണ്ടതാണ്. കൂടാതെ സൈറ്റ് പ്ലാനിൽ കാണിച്ച പ്രകാരമല്ല റോഡിന്റെ Width വരുന്നത്. സൈറ്റ് പ്ലാനിനേക്കാളും കുറവാണ് നിലവിലുള്ള റോഡിന്റെ Width വരുന്നത് എന്ന വിവരം റിപ്പോർട്ട് ചെയ്തുകൊള്ളുന്നു.

വിശ്വസ്തതയോടെ,

സെക്രട്ടറി
കൊയിലാണ്ടി നഗരസഭ

KOYILANDY MUNICIPALITY OFFICE
Date.......................
★ KOYILANDY ★